നം. സി.ഇ.ഇ/2900/2007/റ്റി.എ.1

**കേരള സർക്കാർ**

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

# സ്വാശ്രയ കോളേജുകളിലെ എം.ബി.ബി.എസ്. കോഴ്സിനു പുതുക്കിയ ഫീസ് നിരക്ക് - വിദ്യാർത്ഥികൾക്ക് വീണ്ടും ഓപ്ഷൻ ക്രമീകരിക്കുവാൻ അവസരം

സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. കോഴ്സിന് നിലനിന്നിരുന്ന ഫീസ് ഘടന പുതുക്കി നിശ്ചയിച്ചുകൊണ്ട്, പ്രൊഫഷണൽ കോഴ്സുകൾക്കുവേണ്ടിയുള്ള ഫീ റെഗുലേറ്ററി കമ്മിറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. **ഈ സാഹചര്യത്തിൽ 26.08.2008 നു നടത്താനിരുന്ന അലോട്ട്മെന്റ് 31.08.2008 ലേക്ക് മാറ്റിയിരിക്കുന്നു.**

**വിവിധ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 50% സർക്കാർ മെരിറ്റ് സീറ്റുകളിലെ പുതുക്കിയ ഫീസ് നിരക്ക് :**

| നം. | കോളേജ് കോഡ് | കോളേജ് | ഫീസ് പ്രതിവർഷം |
|---|---|---|---|
| 1 | **SMC** | ഡോ. സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ. മെഡിക്കൽ കോളേജ്, കാരക്കോണം, തിരുവനന്തപുരം. | **45,000/- രൂപ** |
| 2 | **KNC** | കണ്ണൂർ മെഡിക്കൽ കോളേജ്, അഞ്ചരക്കണ്ടി, കണ്ണൂർ. | |
| 3 | **KMM** | കരുണ മെഡിക്കൽ കോളേജ്, വിളയോടി, ചിറ്റൂർ, പാലക്കാട്. | |
| 4 | **EMC** | എം.ഇ.എസ്. മെഡിക്കൽ കോളേജ്, പെരിന്തൽമണ്ണ, മലപ്പുറം. | |
| 5 | **GMC** | ശ്രീ ഗോകുലം മെഡിക്കൽ കോളേജ് & റിസർച്ച് ഫൗണ്ടേഷൻ, വെഞ്ഞാറമൂട്, തിരുവനന്തപുരം. | |
| 6 | **SUC** | എസ്.യു.റ്റി. മെഡിക്കൽ കോളേജ്, വട്ടപ്പാറ, തിരുവനന്തപുരം. | |

**സർക്കാർ - നിയന്ത്രിത സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് നിരക്ക് :**

| നം. | കോളേജ് കോഡ് | കോളേജ് | 50% സർക്കാർ മെറിറ്റ് സീറ്റ് (രൂപ) | 35% മാനേജ്മെന്റ് സീറ്റ് (രൂപ) |
|---|---|---|---|---|
| 1 | **CMC** | കോ ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കൊച്ചി. | **25,000/-** | **4,35,000/-** |
| 2 | **KNM** | അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം, കണ്ണൂർ. | **25,000/-** | **4,35,000/-** |

സ്വാശ്രയ കോളേജുകളിലെ എം.ബി.ബി.എസ്. ഫീസ് നിരക്ക് വീണ്ടും പുതുക്കിയ സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് തങ്ങളുടെ ഓപ്ഷനുകൾ പുനഃക്രമീകരിക്കുന്നതിന് **25.08.2008 രാവിലെ 10 മണി മുതൽ 27.08.2008 വൈകുന്നേരം 5 മണി വരെ** അവസരമുണ്ടായിരിക്കും. വിദ്യാർത്ഥികൾ ഇപ്പോൾത്തന്നെ തെരഞ്ഞെടുത്തിട്ടുള്ള ഓപ്ഷനുകളും അവർ പുതിയതായി നൽകുന്ന ഓപ്ഷനുകളും അലോട്ട്മെന്റിന് പരിഗണിക്കുന്നതാണ്. ഇതിനായി വിദ്യാർത്ഥികൾ **www.cee.kerala.gov.in/keam** എന്ന വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്.

കണ്ണൂർ, കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റിയുടെ **(AKG ഹോസ്പിറ്റൽ)** നഴ്സിംഗ് കോളേജിലെ **(AKN)** 50% സർക്കാർ സീറ്റിലേയ്ക്കും **(വാർഷിക ഫീസ് 40,000/- രൂപ)**, **പെരിന്തൽമണ്ണ ഇ.എം.എസ്. മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് നഴ്സിംഗ് കോളേജിലെ (EMN),** 35% മാനേജ്മെന്റ് സീറ്റുകളിലേയ്ക്കും വിദ്യാർത്ഥികൾക്ക് പുതുതായി ഓപ്ഷൻ സമർപ്പിക്കാവുന്നതാണ്. **(വാർഷിക ഫീസ് : 78,000/- രൂപ).**

**27.08.2008 ന് വൈകുന്നേരം 5 മണി വരെ** ലഭ്യമായ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലുള്ള അലോട്ട്മെന്റ് **31.08.2008 ന് വൈകുന്നേരം** പ്രസിദ്ധീകരിക്കുന്നതാണ്. അപ്രകാരം അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **2008 സെപ്റ്റംബർ 1, 2 തീയതികളിൽ** ഫീസ് / ഡെപ്പോസിറ്റ് / അധിക ഫീസ് **എസ്.ബി.റ്റി.** (**SBT**) യുടെ നിശ്ചിത ശാഖകളിൽ അടയ്ക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച്, ഫീസടച്ച വിദ്യാർത്ഥികൾ **2008 സെപ്റ്റംബർ 2, 3, 4 തീയതികളിൽ** നിശ്ചിത കോളേജുകളിൽ നേരിട്ട് ഹാജരായി പ്രവേശനം നേടേണ്ടതാണ്. എല്ലാ കോഴ്സുകൾക്കും **05.09.2008** ന് ക്ലാസുകൾ ആരംഭിക്കുന്നതാണ്.

| SCHEDULE OF ALLOTMENT | |
|---|---|
| **25.08.2008 - from 10 am** | **Opening of the option registration facility** |
| 27.08.2008 – to 5 pm | Closing of option registration |
| **31.08.2008** evening | **Allotment** |
| **01.09.2008 & 02.09.2008** | Candidates allotted to all courses to remit fee/balance fee/deposit at the selected branches of the State Bank of Travancore (**SBT**) |
| 02.09.2008 to 04.09.2008 | Admission to all courses |
| **05.09.2008** | **Classes to begin for all Courses** |

തിരുവനന്തപുരം
24.08.2008

**പ്രവേശന പരീക്ഷാ കമ്മീഷണർ**